"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീയുടെ തിരുവനന്തപുരം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1385/2024/LSGD തീയതി,തിരുവനന്തപുരം, 30-07-2024

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന നം. ഉത്തരവ്
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/05/2024 തീയതിയിലെ 673/E1/2024/KSHO നം. കത്ത്.

**ഉത്തരവ്**

കുടുംബശ്രീയുടെ തിരുവനന്തപുരം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ താഴെപ്പറയുന്ന ജീവനക്കാരെ നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം | പേര്, തസ്തിക | ജില്ല |
|---|---|---|
| 1. | ശ്രീ. ഉണ്ണികൃഷ്ണൻ.ആർ,<br>ജൂനിയർ സൂപ്രണ്ട്,<br>പ്രിൻസിപ്പൽ ഡയറക്ടേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്. | തിരുവനന്തപുരം |
| 2. | ശ്രീ.ജലീഷ്. ടി.കെ,<br>ഹെഡ് ക്ലർക്ക്,<br>പ്രിൻസിപ്പൽ ഡയറക്ടേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്. | തിരുവനന്തപുരം |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ജീവനക്കാരെ കുടുംബശ്രീയുടെ തിരുവനന്തപുരം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ കേരള സർവ്വീസ് റൂൾസ് ഭാഗം -1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2)

ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
വ്യക്തികൾക്ക് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/147/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 30-07-2024 15:48:16
സെക്ഷൻ ഓഫീസർ